# തലസ്ഥാനത്തിന്റെ ഷോപ്പിങ് ഉൽസവം അനന്തപുരി ഫെസ്റ്റിന് കൊടിയിറങ്ങാൻ ഇനി രണ്ടു നാൾ

**11 മുതൽ 8.30 വരെ**

തിരുവനന്തപുരം● മലയാള മനോരമയുടെ ഷോപ്പിങ് മാമാങ്കം അനന്തപുരി ഫെസ്റ്റിനു നാളെ സമാപനം.

പ്രമുഖ ബ്രാൻഡുകളുടെ ഫർണിച്ചറും മൊബൈൽ ഫോണുകളും ലാപ്ടോപ്പുകളും മേളയിൽ വൻ ഡിസ്കൗണ്ടിൽ ലഭ്യമാണ്. കൂടാതെ ഓട്ടോ സോണിൽ ഹോണ്ട, ഹ്യുണ്ടായ് തുടങ്ങിയ കാറുകളുടെ പ്രദർശനവുമുണ്ട്. അഞ്ചു മിനിറ്റുകൊണ്ടു കാർ സർവീസ് ചെയ്യാനും ഭിത്തിയിലെ പായൽ നീക്കംചെയ്യാനും കഴിയുന്ന ഗ്ലോബൽ പവർ കാർവാഷും ഹാൻഡി മോഡൽ വാകംക്ലീനറും ലഭ്യമാണ്.

വിവിധ ബ്രാൻഡുകളുടെ മിക്സി, അവ്ൻ, ഗ്രൈൻഡർ, ഇൻഡക്ഷൻ കുക്കർ തുടങ്ങിയവയും ലഭ്യമാണ്.

വൈദ്യുതി പോയാലും പാചകത്തെ ബാധിക്കാത്ത തരത്തിലുള്ള ഇൻവെർട്ടർ ടെക്നോളജിയുള്ള അവ്നുകളുമുണ്ട്. മൈക്രോ സേഫ് ആയ മൺചട്ടിയും ഈ പുതിയ അവ്നിൽ ഉപയോഗിക്കാം.

മന്ത്രി കടകംപള്ളി സുരേന്ദ്രൻ മേള സന്ദർശിച്ചു.

## എന്റെ ഡീൽ കാഴ്ച പരിശോധന

മനോരമയുടെ എന്റെ ഡീൽ സ്റ്റാളിൽ ഇന്നും വാസൻ ഐ കെയറിന്റെ സൗജന്യ കാഴ്ചപരിശോധനയും വിവിധതരം ഗെയിമുകളും കാണികൾക്കായി ഒരുക്കിയിട്ടുണ്ട്.



പുത്തരിക്കണ്ടം മൈതാനത്തു നടക്കുന്ന മലയാള മനോരമ അനന്തപുരി ഫെസ്റ്റിൽ കഫേ കുടുംബശ്രീ ഭക്ഷ്യമേളയിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പങ്കെടുത്തപ്പോൾ.

## മനോരമ സ്റ്റാളിൽ വിലക്കിഴിവ്

അനന്തപുരി മേളയിലെ മനോരമ സ്റ്റാളിൽ മനോരമയുടെ തിരഞ്ഞെടുത്ത ജനപ്രിയ പുസ്തകങ്ങൾക്കു 10% വിലക്കിഴിവ് നൽകും. ജീവിതശൈലി-ആരോഗ്യ-പാചക-സമ്പാദ്യമേഖലകളെപ്പറ്റി പ്രതിപാദിക്കുന്ന ജനപ്രിയ പുസ്തകങ്ങളാണു സ്റ്റാളിൽ ഒരുക്കിയിരിക്കുന്നത്. മനോരമ ആരോഗ്യം-കർഷകശ്രീ-സമ്പാദ്യം മാസികകൾ ഒരു വർഷത്തേക്ക് ഒരുമിച്ചു വരിസംഖ്യയടയ്ക്കുന്നവർക്കു 2017-ലെ ഡയറി തികച്ചും സൗജന്യം.

2017ലെ പാർപ്പിടം വാർഷിക പതിപ്പ് സ്റ്റാളിൽ നിന്നു ലഭിക്കും.

കൂടാതെ മലയാളത്തിലെ ഏറ്റവും വിൽപനയുള്ള മനോരമ കലണ്ടർ, ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള മനോരമ ഇയർബുക്ക് 2017, മനോരമ പ്രസിദ്ധീകരണങ്ങൾ എന്നിവയും സ്റ്റാളിൽ ലഭ്യമാണ്. മനോരമ കുടുംബസുരക്ഷാനിധി ഇൻഷുറൻസ്, മനോരമ പ്രിവിലേജ് കാർഡ് എന്നിവയുടെ പണമടയ്ക്കാനുള്ള സംവിധാനവും സ്റ്റാളിൽ ലഭ്യമാക്കിയിട്ടുണ്ട്.

# രുചിക്കൂട്ടിന്റെ സുവർണചകോരം നേടി അനന്തപുരി മേള

## കുടുംബശ്രീ ഇന്നത്തെ കോംബോ ഓഫർ:

**വെള്ളയപ്പം 1 + ചിക്കൻ തോരൻ 1 + 1 ബിരിയാണി റൈസ് + പുട്ട് 1 + മീൻ കറി 1 + ചന്ന മസാല + പഴം നിറച്ചത്: 250.**

## കുടുംബശ്രീ മേളയുടെ സമയം: രാവിലെ 11 മുതൽ രാത്രി എട്ടര വരെ

ജൈത്രയാത്രയോടെ പുത്തരിക്കണ്ടം മൈതാനിയിൽ മലയാള മനോരമ അനന്തപുരി മേള മുന്നോട്ട്. മേളയിലെത്തിയ കുടുംബശ്രീയുടെ പ്രവർത്തകരെല്ലാം വിജയം കൊയ്യുകയാണ്.

ഉദാഹരണത്തിന് പള്ളിച്ചലിൽനിന്നു ബിന്ദു ചേച്ചി അനന്തപുരി മേളയിലെത്തിയതു ബ്രഹ്മി ജാം എന്ന കൊതിപ്പിക്കുന്ന രുചിക്കൂട്ടുമായാണ്. വമ്പൻ ബ്രാൻഡ് ജാമുകൾ വിപണി വാഴുമ്പോൾ ബിന്ദു ചേച്ചിയുടെ ഈ കലർപ്പില്ലാത്ത കൈപ്പുണ്യം മലയാളികൾക്കു രുചിയുടെ നവ്യാനുഭവം പകരുകയാണ്. കൂടാതെ രാമച്ചം മുതൽ സൗന്ദര്യത്തിന്റെ രാജൻ കസ്തൂരി മഞ്ഞൾ വരെ റെഡി ടു യൂസ് ആയി നമുക്ക് ഐശ്വര്യ കുടുംബശ്രീ യൂണിറ്റിന്റെ സ്റ്റാളിൽ ലഭിക്കും. സൗന്ദര്യബോധം ഏറ്റവും കൂടുതലുള്ള മലയാളിക്ക് ഇനി വിഷാംശമില്ലാതെ പ്രകൃതിദത്തമായ സൗന്ദര്യവർധക വസ്തുക്കളും നെല്ലിക്കാജാം, ബ്രഹ്മി ജാം, ബ്രഹ്മി ഫുഡ് എന്നിവയും അനന്തപുരി മേളയിൽനിന്ന് അനുഭവിച്ചറിയാം.

### ഐഎംഎ സ്റ്റാളിൽ ഇന്ന്

ആരോഗ്യകരമായ ഭക്ഷണം എന്ന വിഷയമാണ് ഇന്ന് ഐഎംഎ സ്റ്റാളിൽ കൈകാര്യം ചെയ്യുന്നത്. ഡോ. ശ്രീജിത് എൻ.കുമാർ ആണു നേതൃത്വം നൽകുന്നത്.

### ഇന്നത്തെ പരിപാടി

ഇന്ന് അനന്തപുരി മേളയെ കിടിലം കൊള്ളിക്കാൻ കുട്ടി പുലിമുരുകൻ അജാസ് എത്തുന്നു. കൂടാതെ ബോളിവുഡ് ഡാൻസും മേളയ്ക്കു മാറ്റു കൂട്ടും.




പുത്തരിക്കണ്ടത്തെ അനന്തപുരി ഫെസ്റ്റിലെ മിൽമ സ്റ്റാളിൽ നിന്ന്.

### യൂബർ റൈഡുകൾ

എല്ലാ യൂബർ യാത്രക്കാർക്കും അനന്തപുരി മേളയിൽ എത്താൻ വൻ ഓഫറാണ് യൂബർ ടീം മുന്നോട്ടു വയ്ക്കുന്നത്. 35 രൂപ ഡിസ്കൗണ്ട് നൽകി നാല് റൈഡുകൾ മേളയിലേക്കു നടത്താം. ഞായറാഴ്ച വരെ ഈ ഓഫർ ഉപയോഗിക്കാം. അതിനായി ഈ പ്രമോ കോഡ് ഉപയോഗിക്കണം. ANANTHAPURI. യൂബർ സോഫ്റ്റ് വെയർ ഡൗൺലോഡ് ( ഡൗൺ ലോഡ് ലിങ്ക് - http://Uber.com/app) പുത്തരിക്കണ്ടം അനന്തപുരി മേളയിലേക്ക് എത്താനായി ഈ ഓഫർ ഉപയോഗപ്പെടുത്താൻ മറക്കരുതേ...

### മാജിക്

സംഗീതവും നൃത്തവും മാജിക്കിൽ ലയിപ്പിച്ചുകൊണ്ട് നൂതനമായ അതിവേഗ ഇന്ദ്രജാലാവിഷ്കാരമാണ് ഇന്ന് അനന്തപുരിയെ വിസ്മയിപ്പിക്കുക. മജീഷ്യൻ ബി.എസ്.അശ്വിൻ ആണ് അവതരിപ്പിക്കുക.

### പാർക്കിങ് കേന്ദ്രങ്ങൾ

അനന്തപുരി മേളയ്ക്ക് എത്തുന്നവർക്കു ഗാന്ധിപാർക്ക് , പവർഹൗസ് റോഡിലെ ഓവർബ്രിഡ്ജിനു താഴെ വശം, കോർപറേഷൻ പാർക്കിങ് കേന്ദ്രം, കെഎസ്ആർടിസി ബസ് പാർക്കിങ് കേന്ദ്രം ( ഇവിടെ രാത്രി എട്ട് വരെ മാത്രം )

### നറുക്കെടുപ്പിലെ വിജയികൾ

13-12-16

ഒന്നാം സമ്മാനം: ആർ.അനില രാജു (കൂപ്പൺ നമ്പർ 7206), രണ്ടാം സമ്മാനം: പമീല (16121), മൂന്നാം സമ്മാനം: ചതുർബാല (14057).

14-12-16

ഒന്നാം സമ്മാനം: സണ്ണി പെരാര (കൂപ്പൺ നമ്പർ 13130), രണ്ടാം സമ്മാനം: എ.ബി.ദിവ്യ (9293), മൂന്നാം സമ്മാനം: എസ്.ബി.ശ്രുതി (5323).

15-12-16

ഒന്നാം സമ്മാനം: സത്യകുമാർ (കൂപ്പൺ നമ്പർ 30250), രണ്ടാം സമ്മാനം: കാദർ (30921), മൂന്നാം സമ്മാനം: വെങ്കടരാമൻ (48922).



► കുടുംബശ്രീ സംഘടിപ്പിച്ച വൾണറബിലിറ്റി മാപ്പിങ് ശിൽപ്പശാലയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ ടി ജലീൽ നിർവഹിക്കുന്നു

# വൾണറബിലിറ്റി മാപ്പിങ് സ്ത്രീ-പുരുഷ സൗഹൃദമേഖലകൾ സൃഷ്ടിക്കും: മന്ത്രി ജലീൽ

**തിരുവനന്തപുരം >** കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വൾണറബിലിറ്റി മാപ്പിങ്ങിലൂടെ സംസ്ഥാനത്ത് സ്ത്രീ-പുരുഷ-ശിശുസൗഹൃദ മേഖലകൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി കെ ടി ജലീൽ പറഞ്ഞു. പദ്ധതിയുടെയും ഇതിനോടനുബന്ധിച്ചുള്ള ശിൽപശാലയുടെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഓരോ പഞ്ചായത്തിലും സുരക്ഷാഭീഷണി ഉയർത്തുന്ന കാരണങ്ങളും സാഹചര്യങ്ങളും തിരിച്ചറിയുന്നതിനുള്ള പഠനമാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ സുരക്ഷ ഉറപ്പാക്കുന്ന സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന അയൽക്കൂട്ട തലങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തണം.

നഗരസഭാ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ അധ്യക്ഷയായി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ജി എസ് അമൃത്, പ്രോഗ്രാം മാനേജർ സോയ തോമസ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് അസോസിയേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ ബി മദൻമോഹൻ ശിൽപ്പശാല നയിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, ജെൻഡർ കൺസൾട്ടന്റുമാർ, ജെൻഡർ കോർ ടീം അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരികിഷോർ സ്വാഗതം പറഞ്ഞു.

# Kudumbasree to collect NoRKs details

STAFF REPORTER

**THIRUVANANTHAPURAM:** A project is being drawn up to collect details of non-resident Keralites, including those living in other States, using the Kudumbasree community development societies (CDS), Minister for Local Self-government K.T. Jaleel has said. This would be of huge benefit to the government, he said.

The Minister was speaking at the signing of a memorandum of understanding between Kudumbasree executive director S. Harikishore and Tripura Rural Livelihood Mission chief executive officer Arup Ratan Sharma for implementing the Kudumbasree development model in Tripura.

The Minister said it had been decided to implement several novel programmes for ensuring the Kudumbasree women's development and their status uplift in the society.

The Kochi Metro Rail project that provided jobs ranging from cleaning to office work to nearly 800 women was just the start of the many programmes. By the time the project was completed, as many as 1,800 women would find employment. Kudumbasree aimed at creating jobs for women in many other sectors, he said.

Educated Kudumbasree members would be given training and deployed for providing pre-marital counselling. This would be implemented at the block level in Kozhikode district on an experimental basis.

College girls would be provided with an opportunity to work with Kudumbasree so as to improve their confidence, determination and personality.

The Minister said efforts were on to solve at the earliest the problems of those who were part of the Kudumabsree initiative. As part of this, an increase in the price of Amritham nutrimix from Rs.56 to Rs.70 had been recommended. It had also been decided to enhance the honorarium of chairpersons of CDS, he said.

A decision on increasing the salary of contract workers would be taken on the basis of the report of the subcommittee formed for this, he said.

The Minister also released a travelogue of Kudumbasree women in Malappuram as part of the study tours conducted by women neighbourhood groups by handing it over to Mr. Harikishore.